# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1845**

**04-12-2018 ൽ മറുപടിയ്ക്ക്**

## നൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, വി.ടി.ബൽറാം<br>,, അൻവർ സാദത്ത്<br>,, എം. വിൻസെന്റ് | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണോ; എങ്കിൽ ഒരു സ്വകാര്യ ബാങ്കിൽ നിന്നും പ്രസ്തുത സ്ഥാപനത്തിലേക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത് ഏത് ചട്ടപ്രകാരമാണെന്ന് അറിയിക്കുമോ; | (എ) | ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതമായ ഒരു സർക്കാർ കമ്പനിയാണ്; KS&SSR ലെ വ്യവസ്ഥകൾ പ്രകാരമാണ് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത്. |
| (ബി) | പ്രസ്തുത കോർപ്പറേഷനിൽ നിന്നും ലോൺ എടുത്ത് മുടക്കിയവർ എത്രയാണ്; എത്ര കോടി രൂപയാണ് ഇത്തരത്തിൽ പിരിഞ്ഞ് കിട്ടാനുള്ളത്; | (ബി) | 30.09.2018 വരെയുള്ള കോർപ്പറേഷന്റെ കണക്കനുസരിച്ച് വായ്പ മുടക്കിയ 959 പേരിൽ നിന്നായി 876,93,503/രൂപ പിരിഞ്ഞു കിട്ടാനുണ്ട് |
| (സി) | ലോണെടുക്കുന്നവരുടെ രാഷ്ട്രീയ ചായ് വ് ലോൺ നൽകുന്ന വേളയിൽ കോർപ്പറേഷൻ പരിശോധിക്കാറുണ്ടോ; | (സി) | നിലവിലുള്ള കോർപ്പറേഷൻ ബോർഡ് രാഷ്ട്രീയ ചായ് വ് പരിശോധിക്കാറില്ല. |
| (ഡി) | ഇല്ലെങ്കിൽ ലോണെടുത്ത് തിരിച്ചടയ്ക്കാത്ത ആളുകൾ ഒരു രാഷ്ട്രീയ പാർട്ടിയിൽ ഉൾപ്പെട്ടവരാണെന്ന വകുപ്പ് മന്ത്രിയുടെ വെളിപ്പെടുത്തൽ എന്ത് വസ്തുതകളുടെ അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ